പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 1515

02-07-2015 ൽ മറുപടിക്ക്

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

ചോദ്യം
ശ്രീ.എം.വി. ശ്രേയാംസ് കുമാർ

ഉത്തരം
ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അഗ്രോ സർവ്വീസ് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചത് 2013-14 വർഷത്തിലാണ്. സർവ്വീസ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തുകയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവയെ ഗ്രേഡ് ചെയ്യുകയും ചെയ്യുന്നുണ്ട്. |
| ബി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത സെന്ററുകൾക്ക് എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വളരെയധികം സഹായകരമാണ്. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നു. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്കും അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു. |
| (സി) പ്രസ്തുത സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നല്ല രീതിയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കൂടുതൽ യന്ത്രങ്ങൾ നൽകി സഹായിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ